# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.962 01.03.2017 ലെ മറുപടി**

## തണ്ണീർത്തടാകങ്ങൾ നികത്തുന്നത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ: | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കായലുകൾ, തടാകങ്ങൾ, നദികൾ, കുളങ്ങൾ എന്നിവ പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നതിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | കായലുകൾ, തടാകങ്ങൾ, നദികൾ, കുളങ്ങൾ എന്നിവ ഏതുതരം ആവശ്യങ്ങൾക്കു വേണ്ടിയാണെങ്കിലും നികത്തുവാൻ പാടില്ല എന്നതാണ് പൊതുവിൽ സ്വീകരിച്ചു വരുന്ന നയം. ഇതിന് അനുപൂരകമായി വിവിധ നിയമങ്ങൾ നിലവിലുണ്ട്. |
| (ബി) | ഇത്തരം തണ്ണീർത്തടങ്ങൾ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നിർബാധം നികത്തിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരത്തിലുള്ള കയ്യേറ്റങ്ങളും നികത്തലുകളും സർക്കാർ കണ്ടെത്തിയിട്ടുണ്ട് ; കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) | സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പാണ് തണ്ണീർത്തടങ്ങൾ സംബന്ധിച്ച നോഡൽ വകുപ്പ്. ആയതിനാൽ കൈയ്യേറ്റങ്ങളും നികത്തലുകളും സംബന്ധിച്ച വിവരങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല. |

(ഡി) ഉണ്ടെങ്കിൽ ഇത്തരം തണ്ണീർത്തടങ്ങളെ കയ്യേറ്റത്തിൽ നിന്നും നികത്തലിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ?

(ഡി) കേന്ദ്ര തണ്ണീർത്തട നിയമം 2010 അനുസരിച്ച് തണ്ണീർത്തടങ്ങളുടെ ഇൻവെന്ററി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കേണ്ടതുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് തണ്ണീർത്തടങ്ങളുടെ നിലവിലുള്ള അവസ്ഥ /വിസ്തൃതി പ്രസിദ്ധീകരിച്ച് പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞാൽ തണ്ണീർത്തടങ്ങളുടെ സംരക്ഷണം കൂടുതൽ ഉറപ്പാക്കാൻ കഴിയും.

**സെക്ഷൻ ഓഫീസർ**